ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാതന്ത്ര്യസമര സേനാനികളുടെ മക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നറിയിക്കാമോ;

(ബി) ഇവരുടെ മക്കൾക്ക് ലഭിച്ചുവരുന്ന ആനുകൂല്യം മരുമക്കൾക്കും കൂടി ബാധകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള സാധ്യതകൾ ആരായുമോ?

ഉത്തരം

(എ) വാർഷിക വരുമാനം 15,000 രൂപയിൽ താഴെയുള്ള സ്വാതന്ത്ര്യ സമരസേനാനികളുടെ മക്കൾക്ക് കോളേജ് തലത്തിൽ സൗജന്യ വിദ്യാഭ്യാസം അനുവദിച്ചിട്ടുണ്ട്. അവർക്ക് സ്ഥലം മാറ്റത്തിൽ മുൻഗണന നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി)&(ഡി) ഉദിക്കുന്നില്ല.

21 (2206) എക്സ് സർവ്വീസ്മെൻ കോർപ്പറേഷൻ രൂപീകരണം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ് സർവ്വീസ്മെൻ കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് മുൻ സർക്കാർ ഉത്തരവ് ഇറക്കിയിട്ടും അത് ഇനിയും നടപ്പിലാക്കത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) കാലതാമസം ഒഴിവാക്കി കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങളിൽ എക്സ് സർവ്വീ സുകാർക്കുകൂടി പ്രാതിനിധ്യം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ)&(ബി)കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷന്റെ രൂപീകരണത്തിനാവശ്യമായ മെമ്മോ റാണ്ടം ഓഫ് അസോസിയേഷനും, ആർട്ടിക്കിൾസ് ഓഫ് അസോസിയേ ഷനും പുറപ്പെടുവിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗ മിച്ചുവരികയാണ്.

(സി) എക്സ്സർവ്വീസുകാർക്ക് വേണ്ടി നടത്തുന്ന ക്ഷേമപ്രവർത്തന ങ്ങളിൽ ഇപ്പോൾ തന്നെ എക്സ് സർവ്വീസുകാർക്ക് പ്രാതിനിധ്യം നൽകിവരു ന്നുണ്ട്.

22 (2207) പെൻഷൻകാർക്കുള്ള പദ്ധതികൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ നയം, ക്ഷേമപദ്ധതി, ചികിത്സാ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പഴയ പെൻഷൻകാരെയും പുതിയ പെൻഷൻകാരെയും സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വിവേചനമില്ലാതെ ഒരേ തട്ടിൽകൊണ്ടുവരിക എന്ന കേന്ദ്രശമ്പള കമ്മിഷന്റെ ഫോർമുല കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) ജസ്റ്റീസ് പാണ്ഡ്യൻ അദ്ധ്യക്ഷനായുള്ള അഞ്ചാം കേന്ദ്ര ശമ്പള കമ്മിഷന്റെ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പെൻഷൻകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഏതെല്ലാം സംഘടനകൾ സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്;

(ഇ) ഇതിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പെൻഷൻ ജീവനക്കാരുടെ അവകാശമാണെന്ന തത്വത്തിലുപരിയായി സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ഉപാധി കൂടിയാണെന്ന കാഴ്ചപ്പാടോടുകൂടി പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ അനുഭാവപൂർവ്വം കൈക്കൊണ്ടിട്ടുണ്ട്. നിയമപ്രകാരം മിനിമം പെൻഷന് അർഹതയില്ലാത്ത ജീവനക്കാർക്ക് കൂടി പെൻഷൻ നൽകാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടു കഴിഞ്ഞു. പെൻഷൻകാരുടെ മെഡിക്കൽ അലവൻസ്, നിലവിലുണ്ടായിരുന്ന നിരക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരട്ടിയായി വർദ്ധിപ്പിക്കുകയും അർഹതയ്ക്കുള്ള പ്രായപരിധി 65-ൽ നിന്നും 60 ആയി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ക്ഷേമപദ്ധതി, ചികിത്സാ പദ്ധതി എന്നിവ നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള കാര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകളുടെ ലഭ്യത എന്നിവയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുന്നതാണ്.

(ബി)-(ഡി) ഇല്ല. അഞ്ചുകൊല്ലത്തിലൊരിക്കൽ ശമ്പള/പെൻഷൻ പരിഷ്കരണം നടത്തുന്ന രീതി തുടരുന്ന കേരള സംസ്ഥാനത്തിലെയും പത്തു വർഷത്തിലൊരിക്കൽ ശമ്പള/പെൻഷൻ പരിഷ്കരണം നടത്തുന്ന കേന്ദ്രത്തിലെയും രീതികൾ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ, കേരളത്തിൽ കേന്ദ്രത്തിലേതിൽ നിന്നും വ്യത്യസ്തമായ രീതികൾ തുടർന്നുവരുന്നതിനാൽ കേന്ദ്ര ശമ്പളകമ്മിഷന്റെ ഫോർമുല കേരളത്തിൽ അതേപടി നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്. എങ്കിലും പഴയ പെൻഷൻകാർക്ക് ഉയർന്ന ഫിറ്റ്മെന്റ് ആനുകൂല്യം നൽകി കഴിയുന്നതും പുതിയ പെൻഷൻകാരുടേതിന് തുല്യമായ നിലയിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്.

(ഇ) കേന്ദ്രത്തിലേതുപോലെ 1.1.96 മുതൽ അതേ തത്വത്തിലും തോതിലും പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് എല്ലാ പെൻഷൻ സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പെൻഷൻ പരിഷ്കരണം സംബന്ധിച്ച മറ്റു പല ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly